# അഹ്‌ലുസ്സുന്നയിലെ വനിതകൾക്ക് പ്രത്യേകമായിട്ടുള്ള സ്വഭാവഗുണങ്ങൾ

ഇമാം മുഖ്ബിൽ ബിൻ ഹാദീ അൽവാദിഈ رحمه الله



WWW.KITHABUTHOUHEED.COM

# അഹ്ലുസ്സുന്നയിലെ വനിതകൾക്ക് പ്രത്യേകമായിട്ടുള്ള സ്വഭാവഗുണങ്ങൾ

ഇമാം മുഖ്ബിൽ ബിൻ ഹാദീ അൽവാദിഈ

(റഹിമഹുല്ലാഹ്)

بسم الله الرحمن الرحيم

الحمد لله والصلوة والسلام على رسول الله وعلى أله وأصحابه ومن والاه أما بعد:

അഹ്ലുസ്സുന്നയിലെ വനിതക്ക് പ്രത്യേകമായിട്ടുള്ള വിശേഷഗുണങ്ങളിൽ പെട്ടതാണ് :

1) സച്ചരിതരായ മുൻഗാമികൾ മനസ്സിലാക്കിയത് എപ്രകാരമാണോ അപ്രകാരം അല്ലാഹുവിന്റെ ഗ്രന്ഥവും അവന്റെ റസൂലിന്റെ ﷺ തിരുസുന്നത്തും അവൾ അവളാൽ കഴിയും വിധത്തിലൊക്കെയും മുറുകെപ്പിടിക്കും.

2) മുസ്ലിംകളോടും അതുപോലെ അവിശ്വാസികളോടും ഇടപഴകുമ്പോൾ ഏറ്റവും മാന്യമായ രീതി മാത്രമേ അവൾ കൈക്കൊള്ളുകയുള്ളൂ, കാരണം അല്ലാഹു അവന്റെ പരിശുദ്ധ ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്ഥാവിച്ചിട്ടുണ്ട്.

**....وَقُولُوا لِلنَّاسِ حُسْنًا ...** (سُوْرَةُ البَقَرَة :83 )

‘‘..ജനങ്ങളോട് നല്ല വാക്ക് പറയണം.. ’’

അവൻ പറഞ്ഞിരിക്കുന്നു:

**إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا...** (سُوْرَةُ النِّسَاء :58)

‘‘വിശ്വസിച്ചേൽപ്പിച്ച അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്ന് അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നു. ’’

അതുപോലെ മറ്റൊരിടത്ത് അവൻ പ്രസ്ഥാവിച്ചതായി കാണാം:

وَإِذَا قُلْتُمْ فَاعْدِلُوا وَلَوْ كَانَ ذَا قُرْبَىٰ ۖ... (سُوْرَةُ الأنعَام :152)

“ നിങ്ങൾ സംസാരിക്കുകയാണെങ്കിൽ നീതി പാലിക്കുക. (അതായത് ജനങ്ങൾക്കിടയിൽ തീർപ്പ് കൽപ്പിക്കുകയോ സാക്ഷി പറയുകയോ ചെയ്യുകയാണെങ്കിൽ..) ”

يَا أَيُّهَا الَّذِينَ آمَنُوا كُونُوا قَوَّامِينَ بِالْقِسْطِ شُهَدَاءَ لِلَّهِ وَلَوْ عَلَىٰ أَنفُسِكُمْ أَوِ الْوَالِدَيْنِ وَالْأَقْرَبِينَ ۚ إِن يَكُنْ غَنِيًّا أَوْ فَقِيرًا فَاللَّهُ أَوْلَىٰ بِهِمَا ۖ فَلَا تَتَّبِعُوا الْهَوَىٰ أَن تَعْدِلُوا ۚ وَإِن تَلْوُوا أَوْ تُعْرِضُوا فَإِنَّ اللَّهَ كَانَ بِمَا تَعْمَلُونَ خَبِيرًا (سُوْرَةُ النِّسَاء :135)

“ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതിനിലനിർത്തുന്നവരാകണം. അത് നിങ്ങൾക്കു തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി. (കക്ഷി) ധനികനോ ദരിദ്രനോ ആകട്ടെ, ആ രണ്ടു വിഭാഗത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. ”

**3)** ഇസ്ലാമിക വസ്ത്രരീതിയെ പിൻപറ്റുക എന്നതും, ഇസ്ലാമിന്റെ ശത്രുക്കളെ അനുസരിക്കാതിരിക്കുക എന്നതും അവൾ നിർബന്ധമായിക്കാണുന്നു.

അബ്ദുല്ലാഹിബ്നു ഉമർ رَضِيَ اللهُ عَنْهُ പറഞ്ഞു : അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു: “ ആർ ഒരു സമുദായത്തെ പിൻപറ്റുന്നുവോ അവൻ അവരിൽപെട്ടവനാകുന്നു. ” (മുസ്ലിം)

അല്ലാഹു സുബ്ഹാനഹു വ തആലാ ജനങ്ങളോടായി ഇപ്രകാരം പറഞ്ഞിരിക്കുന്നു:

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ۚ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ اللَّهُ غَفُورًا رَّحِيمًا

(سُوْرَةُ الأحزَاب :59)

''നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവര്‍ തങ്ങളുടെ മൂടുപടങ്ങള്‍ തങ്ങളുടെമേല്‍ താഴ്ത്തിയിടാന്‍ പറയുക: അവര്‍ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവര്‍ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.''

അബ്ദുല്ലാഹിബ്നു മസ്ഊദ് رَضِيَ اللهُ عَنْهُ വിൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു. '' സ്ത്രീ മുഴുവൻ ഔറത്താണ്, അവൾ പുറത്തിറങ്ങുമ്പോൾ ശൈത്വാന് അവളിൽ ഒരുപാട് പ്രതീക്ഷകളുണ്ടാവുന്നു. '' (തിർമുദി)

4) അവളൊരു സന്തോഷ ജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ അവളുടെ ഭർത്താവിനോട് അവൾ നല്ലനിലയിൽ വർത്തിക്കട്ടെ എന്ന് നാം ഉപദേശിക്കുന്നു. കാരണം അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു: ''ഒരു മനുഷ്യൻ തന്റെ ആവശ്യത്തിനായി തന്റെ ഭാര്യയെ കിടപ്പറയിലേക്ക് ക്ഷണിക്കുകയും അവളത് തിരസ്കരിക്കുകയും എന്നിട്ട് അവളോടുള്ള ദേഷ്യത്തോടെ അവൻ ഉറങ്ങുകയും ചെയ്താൽ തീർച്ചയായും മലക്കുകൾ അവളെ ശപിക്കുന്നതാണ് .'' (ബുഖാരി, മുസ്‌ലിം)

മുസ്‌ലിമിന്റെ നിവേദനത്തിൽ ഇപ്രകാരം കൂടി കാണാം, '' കൂടാതെ സ്വർഗത്തിലുള്ള വളും(ഹൂറുലീൻ) അവളോട് (ഭാര്യയോട്) കോപിക്കുന്നതാണ്. ''

5) അവൾ അവളുടെ സന്താനങ്ങളെ അല്ലാഹുവിന്റെ ദീനിനു വേണ്ടി വളർത്തുന്നതാണ്.

അബ്ദുല്ലാഹിബ്നു ഉമർ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു : “ നിങ്ങളോരോരുത്തരും ഇടയന്മാരാണ്. നിങ്ങളുടെ കീഴിലുള്ളവരുടെ കാര്യത്തെപ്പറ്റി ചുമതലപ്പെട്ടവരുമാണ്. ” (ബുഖാരി, മുസ്ലിം)

സ്ത്രീകളെ സംബന്ധിച്ച് അവിടുന്ന് ഇപ്രകാരം പറഞ്ഞു: “ ഒരു സ്ത്രീ അവളുടെ ഭർതൃഗൃഹത്തിലെ ഭരണാധികാരിയാണ്. അവളുടെ മക്കളുടെയും ഭരണാധികാരി. തന്റെ പരിധിയിലുള്ള പ്രജകളെ സംബന്ധിച്ചും അവർ ചോദിക്കപ്പെടുന്നതാണ്. ” (ബുഖാരി)

6) പുരുഷനെ സ്ത്രീക്കുമേൽ അധികാരമുള്ളവനാക്കിയ അല്ലാഹുവിന്റെ തീരുമാനത്തോട് അവൾ സംതൃപ്തിയോടെ യോജിക്കുന്നതാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു:

وَلِلَّهِ مَا فِي السَّمَاوَاتِ وَمَا فِي الْأَرْضِ ۚ وَكَفَىٰ بِاللَّهِ وَكِيلًا (سُوۡرَةُ النِّسَاء :132)

“ ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റെതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു മതി. ”

مَّن كَانَ يُرِيدُ ثَوَابَ الدُّنْيَا فَعِندَ اللَّهِ ثَوَابُ الدُّنْيَا وَالْآخِرَةِ ۚ وَكَانَ اللَّهُ سَمِيعًا بَصِيرًا

(سُوۡرَةُ النِّسَاء :134)

“വല്ലവനും ഇഹലോകത്തെ പ്രതിഫലമാണ് ലക്ഷ്യമാക്കുന്നതെങ്കിൽ (അവൻ മനസ്സിലാക്കട്ടെ) അല്ലാഹുവിന്റെ പക്കൽ തന്നെയാണ് ഇഹലോകത്തെ പ്രതിഫലവും പരലോകത്തെ പ്രതിഫലവും. അല്ലാഹു എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു.”

**7)** അതുപോലെ തന്നെ അല്ലാഹുവിന്റെ റസൂൽ ﷺ ഇപ്രകാരം കൂടി പറഞ്ഞിരിക്കുന്നു:

അബൂഹുറയ്റ رضي الله عنه വിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു : ‘‘സ്ത്രീകളോട് നിങ്ങൾ സൗമ്യമായി പെരുമാറുക. എന്തെന്നാൽ സ്ത്രീ സൃഷ്ടിക്കപ്പെട്ടത് വളഞ്ഞ വാരിയെല്ലിൽ നിന്നാണ്. ഏറ്റവും വളഞ്ഞത് അതിന്റെ മുകൾ ഭാഗവുമാണ്. അതിനാൽ നിങ്ങൾ അവരോട് സൗമ്യമായി വർത്തിക്കുക.’’ (ബുഖാരി, മുസ്ലിം)

അതിനാൽ പുരുഷനെ സ്ത്രീക്കുമേൽ നിയന്ത്രണാധികാരമുള്ളവനാക്കിയതിൽ അവൾ ക്ഷമ കൈക്കൊള്ളേണ്ടതും തീർച്ചയായും തൃപ്തിപ്പെടുകയും ചെയ്യേണ്ടതാണ്. എന്തെന്നാൽ അവളെ അടിമയായി കണക്കാക്കുക എന്നതല്ല ഇതുകൊണ്ടുദ്ദേശ്യം.

അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞിരിക്കുന്നു : ‘‘ നിങ്ങൾ സ്ത്രീകളോട് സൗമ്യമായി വർത്തിക്കുക. അവൾ നിങ്ങളുടെ തടവുകാരാണ് എന്നതിലപ്പുറം ഒരധികാരവും നിങ്ങൾക്കവരോടില്ല. അവൾ അനുസരണക്കേട് പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങൾ അവരെ കിടപ്പറയിൽ നിന്നും അകറ്റിനിർത്തുക. പിന്നീട് മുറിവ് പറ്റാത്തവിധം അടിക്കുകയും ചെയ്യുക. പക്ഷേ അവർ നന്നാവുകയും അനുസരിക്കുകയും ചെയ്താൽ അവരുടെ അവകാശങ്ങൾ പിന്നീട് തടയരുത്. നിനക്ക് നിന്റെ ഭാര്യയുടെ മേൽ അവകാശങ്ങളുണ്ട്. അവർക്ക് നിന്റെ മേലും അതുപോലെ അവകാശങ്ങളുണ്ട്. നിനക്ക് അവളുടെ മേലുള്ള അവകാശം ‘നീ ഇഷ്ടപ്പെടാത്തവരെ നിന്റെ വീട്ടിലോ കട്ടിലിലോ കയറ്റുകയോ ഇരുത്തുകയോ ചെയ്യാതിരിക്കുക എന്നതാണ്. (നിന്റെ കഴിവിനനുസരിച്ച്) നീ അവളെ തീറ്റിക്കുകയും ഉടുപ്പിക്കുകയും ചെയ്യുക എന്നതാണ് അവൾക്ക് നിന്റെ മേലുള്ള അവകാശം.’ ’’ (ജാമിഇ - തിർമുദി)

മുആവിയ ബിൻ ഹയ്ദാ رضي الله عنه വിൽ നിന്ന് നിവേദനം; ഒരു മനുഷ്യൻ ചോദിച്ചു: ‘‘അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളുടെ ഭാര്യമാർക്ക് ഞങ്ങളിലുള്ള അവകാശം എന്താണ് ? അവിടുന്ന് പറഞ്ഞു : ‘ നീ തിന്നുമ്പോൾ അവളെയും തീറ്റിക്കുക, നീ ഉടുക്കുമ്പോൾ അവളെയും ഉടുപ്പിക്കുക, അവളുടെ മുഖത്ത് നീ അടിക്കരുത്, നീ അവളെ ശപിക്കുകയുമരുത്, രഹസ്യമായിക്കൊണ്ടല്ലാതെ നിന്റെ വീട്ടിൽ നിന്ന് നീ അവളെ മാറ്റിക്കിടത്തുകയും അരുത് എന്നിവയാണവ’ (അവൾക്ക് നിന്നോടുള്ള അവകാശങ്ങൾ) ’’ (മുസ്നദ് അഹ്മദ്)

അതിനാൽ (നാമേവരെയും അല്ലാഹു അനുഗ്രഹിക്കട്ടെ) ഇസ്ലാമിന്റെ മര്യാദയനുസരിച്ച് തന്റെ ഭാര്യയോട് നല്ല നിലയിൽ പെരുമാറുകയും സഹകരിച്ച് മുന്നോട്ട് പോവുകയും ചെയ്യുക എന്നത് പുരുഷന്റെ കടമയാണ്. മതവിജ്ഞാനം കരസ്ഥമാക്കാനും അല്ലാഹുവിലേക്ക് പ്രബോധനം ചെയ്യുവാനും അവൻ അവളെ സഹായിക്കുക തന്നെ വേണം. അതുപോലെ തന്നെ ഇസ്ലാം അനുശാസിച്ച രീതിയിൽ സ്ത്രീ തന്റെ ഭർത്താവിനോടും പെരുമാറണം. മതവിജ്ഞാനം സമ്പാദിക്കുന്നതിലും പ്രബോധനത്തിലും ഗൃഹഭരണത്തിലും അവൾ തന്റെ ഭർത്താവിന് സഹായിയും തുണയും ആയിരിക്കണം. അല്ലാഹു പറഞ്ഞിരിക്കുന്നു :

يَا أَيُّهَا الَّذِينَ آمَنُوا لَا تُحِلُّوا شَعَائِرَ اللَّهِ وَلَا الشَّهْرَ الْحَرَامَ وَلَا الْهَدْيَ وَلَا الْقَلَائِدَ وَلَا آمِّينَ الْبَيْتَ الْحَرَامَ يَبْتَغُونَ فَضْلًا مِّن رَّبِّهِمْ وَرِضْوَانًا ۚ وَإِذَا حَلَلْتُمْ فَاصْطَادُوا ۚ وَلَا يَجْرِمَنَّكُمْ شَنَآنُ قَوْمٍ أَن صَدُّوكُمْ عَنِ الْمَسْجِدِ الْحَرَامِ أَن تَعْتَدُوا ۘ وَتَعَاوَنُوا عَلَى الْبِرِّ وَالتَّقْوَىٰ ۖ وَلَا تَعَاوَنُوا عَلَى الْإِثْمِ وَالْعُدْوَانِ ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ

(سُوْرَةُ المَائدة :2)

‘‘സത്യവിശ്വാസികളേ, അല്ലാഹുവിന്റെ മതചിഹ്നങ്ങളെ നിങ്ങൾ അനാദരിക്കരുത്. പവിത്രമായ മാസത്തെയും (കഅ്ബത്തിങ്കലേക്ക് കൊണ്ടുപോകുന്ന) ബലിമൃഗങ്ങളെയും, (അവയുടെ കഴുത്തിലെ) അടയാളത്താലികളെയും നിങ്ങളുടെ രക്ഷിതാവിന്റെ അനുഗ്രഹവും പൊരുത്തവും തേടിക്കൊണ്ട് വിശുദ്ധ മന്ദിരത്തെ ലക്ഷ്യമാക്കിപ്പോകുന്ന തീർത്ഥാടകരെയും (നിങ്ങൾ അനാദരിക്കരുത്.) എന്നാൽ ഇഹ്റാമിൽ നിന്ന് നിങ്ങൾ ഒഴിവായാൽ നിങ്ങൾക്ക് വേട്ടയാടാവുന്നതാണ്. മസ്ജിദുൽ ഹറാമിൽ നിന്ന് നിങ്ങളെ തടഞ്ഞു എന്നതിന്റെ പേരിൽ ഒരു ജനവിഭാഗത്തോട് നിങ്ങൾക്കുള്ള അമർഷം അതിക്രമം പ്രവർത്തിക്കുന്നതിന്ന് നിങ്ങൾക്കൊരിക്കലും പ്രേരകമാകരുത്. പുണ്യത്തിലും ധർമ്മനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു.’’

وصلى الله على عبده ورسوله نبيناً محمد وآله وصحبه.

ترجمة :ام حميراء